**പതിമൂന്നാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2404** **18.07.2011 ലെ മറുപടിക്ക്**

**സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് അംഗങ്ങളുടെ ആനുകൂല്യങ്ങൾ**

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

എ) സഹകരണ ബാങ്കിലെ പ്രസിഡന്റ്/ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന ഓണറേറിയവും സിറ്റിംഗ് ഫീസും എത്ര വീതമാണെന്ന് ക്ലാസ്സ് തിരിച്ച് വ്യക്തമാക്കാമോ; ഈ നിരക്ക് എന്നു മുതലാണ് ഇവർക്ക് ലഭിച്ചു വരുന്നത്; ഇവർക്ക് ക്ഷാമബത്ത, യാത്രാബത്ത എന്നിവ നൽകുന്നതിന് ഉത്തരവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**മറുപടി**

**ശ്രീ. സി.എൻ. ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി-ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

എ) സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ പ്രസിഡന്റ്/ ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് ഇപ്പോൾ ലഭിക്കുന്ന ഓണറേറിയവും സിറ്റിംഗ് ഫീസും സംബന്ധിച്ച വിവരം ഇനി പറയുന്നു.

| ക്രമ നം. | സംഘത്തിന്റെ പേര് | ഹോണറേറിയം രൂപ | | ദിനബത്ത രൂപ | യാത്രാബത്ത രൂപ | സിറ്റിംഗ് ഫീസ് രൂപ |
|---|---|---|---|---|---|---|
| | | പ്രസിഡന്റ് | വൈസ് പ്രസിഡന്റ് | | | |
| 1. | സംസ്ഥാന സഹകരണ ബാങ്ക്/ സംസ്ഥാന കാർഷിക ഗ്രാമവികസന ബാങ്ക് | 10000 | 5000 | 300 | 3.00 | 500 |
| 2. | കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷൻ, മാർക്കറ്റിംഗ് ഫെഡറേഷൻ, റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേര കർഷക സഹകരണ ഫെഡറേഷൻ ഹൗസിംഗ്ഫെഡറേഷൻ | 7500 | 4000 | 250 | 3.00 | 400 |
| 3. | കേരള സംസ്ഥാന പട്ടികജാതി/പട്ടിക വർഗ്ഗ വികസന സഹകരണ ഫെഡറേഷൻ | 6000 | 3000 | 250 | 3.00 | 300 |
| 4. | കേരള സംസ്ഥാന സഹകരണ ഹോസ്പിറ്റൽ ഫെഡറേഷൻ | 4000 | 2000 | 250 | 3.00 | 300 |
| 5. | കേരള വനിതാ സഹകരണ ഫെഡറേഷൻ | 4000 | 2000 | 250 | 2.00 | 300 |
| 6. | ജില്ലാ സഹകരണ ബാങ്കുകൾ | 8000 | 4000 | 250 | 3.00 | 400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 150 | 1.50 | 250 |
| | ക്ലാസ് 4 | 3000 | - | 150 | 1.50 | 250 |
| | ക്ലാസ് 5 | 2500 | - | 150 | 1.50 | 250 |
| | ക്ലാസ് 6 | 2000 | - | 150 | 1.50 | 250 |
| 12. | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ (സ്പെഷ്യൽ ഗ്രേഡ്) | 5000 | - | 250 | 2.00 | 300 |
| | ക്ലാസ് 1 | 4000 | | 200 | 1.75 | 300 |
| | ക്ലാസ് 2 | 3500 | | 200 | 1.75 | 250 |
| | ക്ലാസ് 3 | 3250 | - | 150 | 1.50 | 200 |
| | ക്ലാസ് 4 | 3000 | - | 150 | 1.50 | 200 |
| | ക്ലാസ് 5 | 2500 | - | 150 | 1.50 | 150 |
| | ക്ലാസ് 6 | 2250 | - | 150 | 1.50 | 150 |
| | പ്രവർത്തന മൂലധനം 25 ലക്ഷത്തിൽ കുറയാത്തവ ക്ലാസ് 7 | 1500 | - | 150 | 1.50 | 150 |
| 13 | പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ് 1 | 2500 | - | 150 | 1.50 | 200 |
| | ക്ലാസ് 2 | 1500 | - | 150 | 1.50 | 150 |
| | ക്ലാസ് 3 | 1000 | - | 100 | 1.50 | 150 |
| | 2 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ളവ | 2500 | - | 150 | 1.25 | 200 |
| | 5 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ളവ | 3000 | - | 200 | 1.50 | 250 |
| | 10 കോടിയിൽ കൂടുതൽ പ്രവർത്തന മൂലധനമുള്ളവ | 3500 | - | 200 | 1.50 | 300 |
| 14. | പ്രൈമറി മാർക്കറ്റിംഗ് ആന്റ് പ്രോസസിംഗ് സഹകരണ സംഘങ്ങൾ ക്ലാസ് 1 | 2500 | - | 75 | .70 | 150 |
| | ക്ലാസ് 2 | 1500 | - | 75 | .70 | 130 |
| | ക്ലാസ് 3 | 1000 | - | 75 | .70 | 120 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | [illegible] | 100 |
| | 25 ലക്ഷത്തിന് മുകളിലുള്ളവ | 1750 | | 100 | 1.00 | 150 |
| | 75 ലക്ഷത്തിന് മുകളിലുള്ളവ | 2250 | | 150 | 1.00 | 200 |
| 17. | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് & സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് പരിയാരം | 8000 | 4000 | 300 | 3.00 | 400 |
| 18. | ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ - ജില്ലാ ഹോസ്പിറ്റൽ സഹകരണ സംഘങ്ങൾ | 4000 | | 200 | 2.00 | 250 |
| | സ്പെഷ്യൽ ഗ്രേഡ് | 3500 | | 200 | 1.50 | 250 |
| | ക്ലാസ് 1 | 3000 | | 150 | 1.50 | 200 |
| 19. | മറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തന മൂലധനം/വാർഷിക വിറ്റു വരവ് 2 കോടിയിൽ കൂടുതലുള്ളവ | 3000 | | 200 | 2.00 | 300 |
| | 1 കോടിയിൽ കൂടുതലുള്ളവ | 2500 | | 150 | 1.50 | 250 |
| | 50 ലക്ഷത്തിൽ കൂടുതലുള്ളവ | 2000 | | 150 | 1.00 | 200 |
| | 25 ലക്ഷത്തിൽ കൂടുതലുള്ളവ | 1500 | | 100 | .75 | 150 |
| | 10 ലക്ഷത്തിൽ കൂടുതലുള്ളവ | 1000 | | 100 | .50 | 100 |

മേൽ പ്രകാരം പുതുക്കിയ നിരക്കിന് 01.06.2011 മുതൽ പ്രബല്യമുണ്ടായിരിക്കും. ഭരണസമിതി അംഗങ്ങൾ സംഘത്തിനു വേണ്ടി ചെയ്തിട്ടുള്ള സേവന മൂല്യത്തിന്റെ അടിസ്ഥാനത്തിലോ, സംഘവുമായി നടത്തിയ വ്യാപാരത്തിന്റെ വ്യാപ്തിയുടെ അടിസ്ഥാനത്തിലോ, ഒരു സംഘത്തിന് അതിലെ ഭരണസമിതി അംഗങ്ങൾക്ക് പ്രതിഫലമോ, സേവന പാരിതോഷികമോ സഹകരണ സംഘം രജിസ്ട്രാറുടെ അംഗീകാരത്തോടെ നൽകാവുന്നതാണ് എന്ന് 1969-ലെ കേരള സഹകരണ സംഘം ചട്ടം 49 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് സംഘത്തിന്റെ പ്രവർത്തനം, ഏറ്റെടുത്തു

നടത്തുന്ന വ്യാപാരത്തിന്റെ വ്യാപ്തി എന്നിവ കണക്കിലെടുത്തു കൊണ്ട് പ്രസിഡന്റ്/ വൈസ് പ്രസിഡന്റ്/ഭരണ സമിതി അംഗങ്ങൾ എന്നിവർക്ക് ഓണറേറിയം (ശമ്പളമില്ലാതെയുള്ള സേവനത്തിനു നൽകുന്ന പ്രതിഫലം) യാത്രാ ബത്ത, ദിനബത്ത, സിറ്റിംഗ് ഫീസ് എന്നിവ നിശ്ചയിച്ച് നൽകിയിട്ടുള്ളത്. ക്ഷാമബത്ത നൽകുന്നതിന് വ്യവസ്ഥയില്ലാത്തതിനാൽ നൽകാൻ കഴിയുന്നതല്ല.

ബി) സഹകരണ ബാങ്കുകളുടെ ഡയറക്ടർ ബോർഡ് അംഗമായിട്ടുള്ളവർക്ക് പെൻഷൻ നൽകുന്നതിനോ ഇവരെ ഉൾപ്പെടുത്തി ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ആനുകൂല്യം നൽകുന്നതിനോ നടപടി സ്വീകരിക്കുമോ ?

ബി) സഹകരണ ബാങ്കുകളുടെ ഡയറക്ടർ ബോർഡ് അംഗങ്ങളായിട്ടുള്ളവരുടെ സേവനം പെൻഷൻ ലഭിക്കുന്നതിനുള്ള സേവന കാലമായി കണക്കിലെടുത്തിട്ടില്ല. ആയതിനാൽ പെൻഷൻ നൽകുന്നതിന് 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ വ്യവസ്ഥയുമില്ല. സഹകരണ മേഖലയിൽ ദീർഘകാലം പ്രവർത്തിച്ചതും സഹകരണ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് നിസ്വാർത്ഥമായ സേവനം നൽകിയവരും ഇപ്പോൾ അശരണരും നിരാലംബരുമായ സഹകാരികൾക്ക് ആശ്വാസം നൽകുന്നതിനായി "അശരണരായ സഹകാരികൾക്കുള്ള ആശ്വാസ നിധി" എന്ന ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന/ജില്ലാ/താലൂക്ക് (സർക്കിൾ) തലത്തിൽ സഹകരണ മേഖലയിൽ നിസ്വാർത്ഥ സേവനം കാഴ്ച വച്ച സഹകാരികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. പ്രതിവർഷം 36,000/- രൂപയിൽ താഴെ വരുമാനമുള്ളവർക്ക് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. സഹകാരികളുടെ രോഗ ശുശ്രൂഷക്കും ചികിത്സക്കുമായി പരമാവധി 50,000/- രൂപാവരെയും മരണപ്പെട്ടുപോയ സഹകാരികളുടെ കുടുംബത്തിന്/ആശ്രിതർക്ക് പരമാവധി 25,000/- രൂപ വരെയും ഈ പദ്ധതി പ്രകാരം നൽകുന്നതാണ്.

ഈ സാഹചര്യത്തിൽ പ്രത്യേകം ക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഡയറക്ടർ ബോർഡ് അംഗങ്ങൾക്ക് കൂടുതൽ ആനുകൂല്യം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

Rajendran

**സെക്ഷൻ ഓഫീസർ**